# 51. സ്വാതിതിരുനാൾ പാടിയിട്ടില്ല!

സ്വാതിതിരുനാൾ മഹാരാജാവ് തമിഴ്നാട്ടിൽ ഒരു വിവാദപുരുഷനായിത്തീർന്നിരിക്കുകയാണ്. മഹാരാജാവിന്റെ പേരിൽ പ്രചരിച്ചുവരുന്ന ഗാനങ്ങൾ അദ്ദേഹം നിർമിച്ചവയല്ലത്രേ. 'തഞ്ചാവൂർ നാൽവർ' എന്ന പേരിലറിയപ്പെട്ടിരുന്ന ചിന്നയ്യാ, പൊന്നയ്യാ, ശിവാനന്ദം, വടിവേലു എന്നിവരാണത്രേ ആ ഗാനങ്ങൾ രചിച്ചത്.

ഈ 'നാൽവരു'ടെ കുടുംബത്തിൽപ്പിറന്ന കെ. പി. ശിവാനന്ദം, കെ. പി. കിട്ടപ്പാ എന്നിവരാണ് സെപ്റ്റംബർ 23-ലെ 'കുമുദം' വാരികയിൽ ഈ വാദം ഉന്നയിച്ചത്. തുടർന്ന് സെപ്റ്റംബർ 30-ലെ അതേ വാരികയിൽ പ്രസിദ്ധ നർത്തകി ബാലസരസ്വതി ഈ വാദത്തെ പിൻതാങ്ങി. ഒക്ടോബർ 14-ലെ 'കുമുദ'ത്തിൽ എഴുതിയ വീണവിദ്വാൻ എസ്. ബാലചന്ദർ ഒരു പടികൂടി മുന്നോട്ടു പോയി. അടുത്ത കാലത്തു ജീവിച്ചിരുന്ന പാപനാശം ശിവൻ, കോടീശ്വരയ്യർ മുതലായ വാഗ്ഗേയകാരുടേതിനേക്കാൾ താഴെയാണ് ഗാനകൃത്തെന്ന നിലയിൽ സ്വാതിതിരുനാളിന്റെ സ്ഥാനമെന്ന് ശ്രീ ബാലചന്ദർ പറഞ്ഞു. തന്റെ പേരിൽ പ്രചരിക്കുന്ന ഗാനങ്ങളുടെ സാഹിത്യം സ്വാതിതിരുനാൾ രചിച്ചതായിരിക്കാമെങ്കിലും അവയിലെ സംഗീതം 'തഞ്ചാവൂർ നാൽവരു'ടെയാണെന്നും, അതിനാൽ സ്വാതിതിരുനാൾ യഥാർത്ഥത്തിൽ 'പാതിതിരുനാൾ' ആണെന്നും ഒക്ടോബർ 21-ലെ 'കുമുദ'ത്തിൽ സുപ്രസിദ്ധ കലാവിമർശകനായ സുബ്ബുഡു എഴുതി: 'ഈ വിഷയത്തെപ്പറ്റി എന്തെങ്കിലും പറയാൻ ശെമ്മങ്കുടി ശ്രീനിവാസയ്യർ വിസമ്മതിച്ചു' എന്നൊരു പത്രാധിപക്കുറിപ്പും 'കുമുദം' വാരികയുടെ ആ ലക്കത്തിൽ ചേർത്തുകാണുന്നുണ്ട്.

പല വിധത്തിലും അസാമാന്യനായ ഒരു വ്യക്തിയായിരുന്നു സ്വാതിതിരുനാൾ രാമവർമ മഹാരാജാവ്. കണ്ണൂരിലുള്ള ചിറയ്ക്കൽ കോവിലകത്തുനിന്ന് തിരുവിതാംകൂർ രാജകുടുംബത്തിലേക്ക് ദത്തുകയറിയ ഒരു തമ്പുരാട്ടിയുടെ മകളുടെ മകനായിരുന്നു അദ്ദേഹം. കുടുംബത്തിൽ പുരുഷന്മാരില്ലാതിരുന്നതിനാൽ സിംഹാസനത്തിലിരുന്നു രാജ്യം ഭരിച്ചുകൊണ്ടിരുന്ന കാലത്താണ്, ക്രി. പി. 1813-ൽ, ഗൗരി ലക്ഷ്മീബായി, സ്വാതിതിരുനാളിനെ പ്രസവിച്ചത്. ഇക്കാരണത്താൽ സ്വാതിതിരുനാൾ 'ഗർഭശ്രീമാൻ' എന്നറിയപ്പെട്ടു. സ്വാതിതിരുനാളിന് പതിനേഴ് മാസം പ്രായമായപ്പോൾ അമ്മ മരിച്ചു. അച്ഛന്റെയും മാതൃസഹോദരിയുടെയും അവരുടെ ഭർത്താവിന്റെയും സനിഷ്കർഷമായ മേൽനോട്ടത്തിൽ വളർന്ന സ്വാതിതിരുനാൾ പതിനാറു വയസ്സു തികഞ്ഞപ്പോൾ, ക്രി. പി. 1829-ൽ, തിരുവിതാംകൂറിലെ രാജാവായി.

ഉദാരവും സമൃദ്ധവുമായിരുന്നു ഈ രാജകുമാരനു ലഭിച്ച വിദ്യാഭ്യാസം. ഏഴു വയസ്സായപ്പോൾ അദ്ദേഹത്തെ തഞ്ചാവൂരിൽനിന്നു വന്ന സുബ്ബരായർ ഇംഗ്ലീഷ് പഠിപ്പിച്ചു തുടങ്ങി. സുബ്ബരായർ അദ്ദേഹത്തെ സ്വന്തം മാതൃഭാഷയായ മറാഠിയും പഠിപ്പിച്ചു. (ഈ സുബ്ബരായർ പിന്നീട് തിരുവിതാംകൂറിൽ ദിവാൻ ആയിത്തീർന്നു). മൂന്നു വർഷംകൂടി കഴിഞ്ഞ്, അരിപ്പാട്ടു കൊച്ചുപിള്ളവാരിയർ എന്ന പണ്ഡിതൻ സ്വാതിതിരുനാളിനെ സംസ്കൃതത്തിലെ ഉപരിഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നതിനു നിയുക്തനായി. സുബ്ബരാമഭാഗവതർ എന്നൊരാൾ അദ്ദേഹത്തെ തെലുങ്കു പഠിപ്പിച്ചു. മദ്രാസിൽനിന്നു വന്ന സയ്യദ് നിസാം, മുഹദീൻഷാ എന്നിവരുടെ കീഴിൽ അദ്ദേഹം പേർഷ്യൻ ഭാഷ പഠിച്ചു. പത്തു വയസ്സുള്ളപ്പോൾ

സ്വാതിതിരുനാൾ ഒരു തമിഴ് കവിക്ക് എഴുനൂറു പണം സംഭാവന ചെയ്തതായി രേഖയുണ്ട്. കർണ്ണാടകവും സ്വാതിതിരുനാൾ പഠിച്ചിരുന്നു. അദ്ദേഹം പതിനെട്ടു ഭാഷകളിൽ കവിത രചിച്ചിരുന്നതായി 'രാമവർമ്മവിജയചമ്പു' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. സംഗീതത്തിലും നൃത്തത്തിലും അദ്ദേഹത്തിനു ബാല്യം മുതല്ക്കേ താല്പര്യമുണ്ടായിരുന്നു.

തിരുവിതാംകൂറിൽ സർക്കാർ ചെലവിൽ ഒരു ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചതു് സ്വാതിതിരുനാളാണ്. ഭരണഭാഷയായി ശുദ്ധമായ മലയാളം നടപ്പിലാക്കിയതും അദ്ദേഹം തന്നെ. തിരുവനന്തപുരത്തെ നക്ഷത്രബംഗ്ലാവ്, പബ്ലിക് ലൈബ്രറി, ഗവണ്മെൻറ് പ്രസ്സ് എന്നിവ അദ്ദേഹത്തിന്റെ പരിപാലനയിലാണ് വളർന്നതു്. കെട്ടിടം പണിയിലും അദ്ദേഹത്തിനു താല്പര്യമുണ്ടായിരുന്നു. ആജ്ഞാശക്തിയെ ആസ്പദമാക്കി അദ്ദേഹത്തെ ശക്തൻ രാജാവ് എന്നു വിളിച്ചിരുന്നുവത്രേ. മുപ്പത്തിനാലാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. 'വഞ്ചിരാജ്യത്തിലെ ഏതു ഭരണവകുപ്പിന്റെ ചരിത്രം പരിശോധിച്ചാലും അതിന്റെ പ്രതിഷ്ഠാപകനോ പരിഷ്കർത്താവോ ആയി അവിടുന്നു പ്രത്യക്ഷപ്പെടുന്നതാണ്.' എന്നു മഹാകവി ഉള്ളൂർ പറയുന്നു.

സ്വാതിതിരുനാളിനെപ്പോലെ സംഗീതവും നൃത്തവും പ്രോത്സാഹിപ്പിച്ച രാജാക്കന്മാർ വിരളമായേ ഉണ്ടായിട്ടുള്ളു. ദക്ഷിണേന്ത്യയിൽ സംഗീതത്തിനും നൃത്തത്തിനും ത്വരിതമായ വികാസം സംഭവിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് അദ്ദേഹം ജീവിച്ചതു്. സ്വാതിതിരുനാൾ ജനിക്കുമ്പോൾ ത്യാഗരാജസ്വാമികൾക്ക് നാല്പത്തേഴ വയസ്സായിരുന്നു. സ്വാതിതിരുനാൾ മരിച്ച് ഒരു വർഷം കൂടി കഴിഞ്ഞാണ് ത്യാഗരാജസ്വാമികൾ അന്തരിച്ചതു്. സ്വാതിതിരുനാളിന് പതിന്നാലു വയസ്സുള്ളപ്പോൾ ശ്യാമാശാസ്ത്രിയും ഇരുപത്തിരണ്ടു വയസ്സുള്ളപ്പോൾ മുത്തുസ്വാമിദീക്ഷിതരും മരിച്ചു. തെന്നിന്ത്യയിൽ സംഗീതസാഹിത്യങ്ങളുടെ പ്രോത്സാഹകനായിരുന്ന തഞ്ചാവൂരിലെ ശരഭോജി രാജാവ് മരിക്കുമ്പോൾ സ്വാതിതിരുനാളിന് പത്തൊമ്പതു വയസ്സായിരുന്നു. ശരഭോജിയുടെ മരണംകൊണ്ട് നിരാശ്രയരായിത്തീർന്ന ഗായകരും നർത്തകരും തിരുവനന്തപുരത്തെത്തി സ്വാതിതിരുനാളിനെ ആശ്രയിച്ചു. സ്വാതിതിരുനാൾ ഇവർക്ക് ഉദാരമായ സംരക്ഷണം നൽകുകയും ചെയ്തു. ഇവരിൽ പ്രധാനികൾ 'തഞ്ചാവൂർ നാൽവർ' എന്നറിയപ്പെട്ടിരുന്ന വടിവേലു, ചിന്നയ്യാ, പൊന്നയ്യാ, ശിവാനന്ദം എന്നിവരായിരുന്നു ഇവരിൽ ആദ്യത്തെ മൂന്നു പേർ മുത്തുസ്വാമിദീക്ഷിതരുടെ ശിഷ്യരായിരുന്നുവത്രെ. ഇവർക്കു പുറമേ വീണാവിദഗ്ദ്ധനും ഹിന്ദുസ്ഥാനി സംഗീതവിദഗ്ദ്ധനുമായ തഞ്ചാവൂർ രംഗയ്യങ്കാർ, സാരംഗി വാദ്യവിദഗ്ദ്ധനായ തഞ്ചാവൂർ ചിന്താമണി ഭാഗവതർ, വൈണികനായ ചേലാപുരം രഘുനാഥരായർ, ത്യാഗരാജ ശിഷ്യനായ കന്നയ്യാ ഭാഗവതർ, വാഗ്ഗേയകാരനായ പാലക്കാട്ട് പരമേശ്വരഭാഗവതർ, സ്വരജിത്ത് എന്ന സംഗീതോപകരണത്തിൽ വിദഗ്ദ്ധനായ തഞ്ചാവൂർ സുലൈമാൻ സേട്ട്, അലാവുദ്ദീൻ ഭാഗവതർ, ഹരികഥാകാലക്ഷേപവിദഗ്ദ്ധനായ മഹാരാഷ്ട്രക്കാരൻ മേരുസ്വാമിഭാഗവതർ, അദ്ദേഹത്തിന്റെ മൃദംഗക്കാരനായിരുന്ന ഹരിരായർ. കല്ലൂർ ഭാസ്കരഭാഗവതർ, ഭൂതപ്പാണ്ടി സുബ്ബുഭാഗവതർ, കുന്നിയൂർ ശേഷഭാഗവതർ, പാലക്കാട്ടു ശേഷഭാഗവതർ, കരമന അണ്ണാസ്വാമി ഭാഗവതർ, തഞ്ചാവൂർ വെങ്കടരാമഭാഗവതർ, ഷട്കാല ഗോവിന്ദമാരാർ, ഇടയ്ക്ക വിദഗ്ദ്ധൻ മാളിയക്കൽ കൃഷ്ണമാരാർ, ചോളദേശീയനായ ക്ഷീരാബ്ധി ശാസ്ത്രി മുതലായവരും സ്വാതിതിരുനാളിന്റെ സദസ്സിനെ അലങ്കരിച്ച സംഗീത കലാനിധികളത്രേ.

എല്ലാ കലകളിലും തല്പരനായിരുന്ന സ്വാതിതിരുനാൾ, കളത്തോടി (കഴക്കൂത്ത്) അനന്തലക്ഷ്മി ആകാശമാണിക്യം, മോടിവിദ്യ ഹൈദരബാ

ദ് ഖാൻസാ, കൃഷ്ണനാടകം മദ്ധ്യാർജുനം ഗോപാലരായർ, ഹിന്ദുസ്ഥാനി നൃത്തം, അയോധ്യാ സുഖദേവൻ, ഹിന്ദുസ്ഥാനിപ്പാട്ട്, പഞ്ചാബ് രാമാർജുനനും ബംഗാൾ ഹരിദാസും ഹൈദരാബാദ് കാശി ഗംഗയും കാശി ഗൗഡവാസുദേവ ശാസ്ത്രിയും, കമ്പുകൊട്ടിപ്പാട്ട് കാശി ഗോവിന്ദദാസ്, ഭരതനാട്യം, തഞ്ചാവൂർ നീരജാക്ഷിയും സത്യഭാമയും, വീണവായന മദ്ധ്യാർജുനം ഗോവിന്ദദീക്ഷിതരും മൈസൂർ നന്ദരാമും മൈസൂർ മുകുന്ദരാമും കൊച്ചി കഞ്ചുനമ്പൂതിരിയും, പൂന സച്ചിദാനന്ദ ഭാഗവതരും, തിരുച്ചിറപ്പള്ളി മാതൃഭൂത ഭാഗവതരും, തഞ്ചാവൂർ നരസുഭാഗവതരും തുടങ്ങി എത്രയോ കലാനിപുണർ അദ്ദേഹത്തിന്റെ മുമ്പിൽ സ്വന്തം കലാപാടവം പ്രദർശിപ്പിച്ച് പാരിതോഷികങ്ങൾ വാങ്ങിയിട്ടുണ്ട്. ചിത്രകല പ്രോത്സാഹിപ്പിക്കാനായി മധുരയിൽനിന്ന് അളഗിരിനായഡു എന്ന ചിത്രകാരനെ അദ്ദേഹം തിരുവനന്തപുരത്തു വരുത്തി പാർപ്പിച്ചു. തിരുവനന്തപുരത്ത് ദന്തശില്പത്തിനു പ്രചാരം വരുത്തിയതും സ്വാതിതിരുനാളാണത്രേ. 'അറേബിയ, ജപ്പാൻ, നേപ്പാളം, തുർക്കി, മലയാ മുതലായ ദൂരദേശങ്ങളിൽ നിന്നുപോലും കലാകോവിദന്മാർ വന്ന് അവിടത്തെ മുക്തഹസ്തമായ പാരിതോഷികം സ്വീകരിച്ചു' എന്ന് ഉള്ളൂർ പ്രസ്താവിക്കുന്നു.

ഭക്തിമഞ്ജരി, സ്യാനന്ദൂരപുരവർണന പ്രബന്ധം, ശ്രീപദ്മനാഭശതകം, അജാമിളോപാഖ്യാനം, കുചേലോപാഖ്യാനം, അന്യാപദേശശതകാവതാരിക എന്നീ സംസ്കൃത കൃതികളും, ഉത്സവവർണന പ്രബന്ധം, മുഹനയുടെയും പ്രാസത്തിന്റെയും അന്ത്യപ്രാസത്തിന്റെയും വ്യവസ്ഥ എന്നീ മലയാളകൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഇവയിൽ അജാമിളോപാഖ്യാനം, കുചേലോപാഖ്യാനം, ഉത്സവവർണന പ്രബന്ധം എന്നിവ ഹരികഥയായി പ്രവചിക്കുന്നതിനു നിർമിക്കപ്പെട്ടവയാണ്. അവയിൽ പദ്യങ്ങളും ഗാനങ്ങളും അടങ്ങിയിരിക്കുന്നു.

ഇവയ്ക്കു പുറമേ, സ്വാതിതിരുനാൾ 313 പാട്ടുകൾ രചിച്ചതായി ഉള്ളൂർ പറയുന്നുണ്ട്. ഈ പാട്ടുകളിൽ പലതിലും 'പദ്മനാഭ' എന്ന മുദ്രയുണ്ട്. ഈ മുദ്രയില്ലാത്ത പാട്ടുകളും കുറെയുണ്ട്. അനേകം പാട്ടുകളിൽ രാഗമുദ്രയുമുണ്ട്. ഇവയിൽ 197 ഗാനങ്ങൾ സംസ്കൃതത്തിലും 63 ഗാനങ്ങൾ മലയാളത്തിലും 37 ഗാനങ്ങൾ ഹിന്ദുസ്ഥാനിയിലും എട്ടു ഗാനങ്ങൾ തെലുങ്കിലും ഒരു ഗാനം കന്നഡത്തിലുമാണ്. ഇവയ്ക്കു പുറമെയാണ് 5 തില്ലാനകൾ.

സ്വാതിതിരുനാളിന്റെ ഗാനങ്ങളിൽ 188 എണ്ണം ഈശ്വരസ്തുതിരൂപത്തിലുള്ള കീർത്തനങ്ങളാണ്. ഇവയിൽ 150 എണ്ണം സംസ്കൃതത്തിലും 37 എണ്ണം ഹിന്ദുസ്ഥാനിയിലും ഒന്ന് കന്നഡത്തിലും ആകുന്നു. പദ്മനാഭനു പുറമേ, ഗണപതി, നരസിംഹം, ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീകണ്ഠേശ്വരത്തു ശിവൻ, ശുചീന്ദ്രത്തു സ്ഥാണുമൂർത്തി, പദ്മനാഭപുരത്ത് ആനന്ദവല്ലി, വൈക്കത്തപ്പൻ, കുമാരനല്ലൂർ ഭഗവതി, ഹരിപ്പാട്ട് സുബ്രഹ്മണ്യൻ, ആററിങ്ങൽ ഭഗവതി, പള്ളിയറ ഭഗവതി, ഹനുമാൻ എന്നിവരും ഈ സ്തോത്രങ്ങൾക്കു വിഷയമായിട്ടുണ്ട്. നവരാത്രി ഒൻപതു ദിവസവും തിരുവനന്തപുരത്തു വലിയ കൊട്ടാരത്തിൽ നവരാത്രി മണ്ഡപത്തിൽ പാടി വരുന്ന നവരാത്രി കീർത്തനങ്ങൾ, നവവിധ ഭക്തിക്ക് ഉദാഹരണമായ നവരത്നമാലികാ കീർത്തനങ്ങൾ എന്നിവയും ഈ സന്ദർഭത്തിൽ ഓർക്കേണ്ടവയാണ്.

ഭരതനാട്യക്കാർക്കുവേണ്ടി രചിച്ച 65 പദങ്ങളാണ് സ്വാതിതിരുനാളിന്റെ ഗാനങ്ങളിൽ പ്രമുഖമായ മറെറാരിനം. ഇവയിൽ 50 എണ്ണം മലയാളത്തിലും 10 എണ്ണം സംസ്കൃതത്തിലും 5 എണ്ണം തെലുങ്കിലും രചിക്കപ്പെട്ടിരിക്കുന്നു.

സ്വാതിതിരുനാൾ 19 ചൗകവർണങ്ങൾ രചിച്ചിട്ടുണ്ട്. ഇവയിൽ 17 എണ്ണം സംസ്കൃതത്തിലും ഒന്നു തെലുങ്കിലും ഒന്നു മലയാളത്തിലുമാകുന്നു. അദ്ദേഹം തെലുങ്കിൽ രണ്ടു താനവർണങ്ങളും രചിച്ചിരിക്കുന്നു.

കർണാടക സംഗീതത്തിൽ അന്നു നടപ്പിലിരുന്ന എല്ലാ രാഗങ്ങളിലും സ്വാതിതിരുനാൾ കൃതികൾ രചിച്ചിട്ടുണ്ട്. അപൂർവങ്ങളെന്നു കരുതപ്പെട്ടിരുന്ന പൂർവകാമോദരി, ശുദ്ധഭൈരവി, ഭൂജാവന്തി, ലളിതപഞ്ചമം, മാളവി, ഗോപികാവസന്തം മുതലായ രാഗങ്ങളെയും അദ്ദേഹം ഉപേക്ഷിച്ചിട്ടില്ല. ഹിന്ദുസ്ഥാനിയിൽനിന്നും മറാഠിയിൽനിന്നുമുള്ള രാഗങ്ങളും ഗാനമാതൃകകളും അദ്ദേഹം ധാരാളമായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. 'ഓരോ പാട്ടും ഉണ്ടാക്കിയാൽ ഉടൻ അതു് ഓലയിൽ പകർത്തിച്ചു തൃക്കൈവിളയാട്ടത്തോടുകൂടി അക്കാലത്തെ പല സംഗീതജ്ഞന്മാർക്കും അവിടന്നു് അയച്ചുകൊടുത്തിരുന്നു. അതുകൊണ്ടു് ഇനിയും അവിടത്തെ സംഗീതകൃതികൾ നമുക്കു ലഭിക്കുവാൻ പാടില്ലായ്കയില്ല' എന്നു് ഉള്ളൂർ പറയുന്നുണ്ടു്.

തഞ്ചാവൂർ നാൽവർ 1835-ലാണു് തിരുവനന്തപുരത്തെത്തി സ്വാതിതിരുനാളിന്റെ ആശ്രിതരായതു്. ഇവരിൽ വടിവേലുവും പൊന്നയ്യായും ഗാനങ്ങൾ രചിച്ചിട്ടുണ്ട്. വടിവേലുവിനെ വരുത്തിയതു മുഖ്യമായും മോഹിനിയാട്ടം (ദാസിയാട്ടം) പരിഷ്കരിക്കാനായിരുന്നു. അതുകൊണ്ടു് 'വടിവേലു നട്ടുവൻ' എന്ന പേരിലാണു് അദ്ദേഹം അറിയപ്പെട്ടിരുന്നതു്. സ്വാതിതിരുനാൾ മരിക്കുന്നതിനു രണ്ടുവർഷം മുമ്പ്, 1845-ൽ വടിവേലു മരിച്ചു.

തഞ്ചാവൂർ നാൽവരുടെ കുടുംബക്കാരായ വീണവിദഗ്ധൻ കെ. പി. ശിവാനന്ദവും കെ. പി. കിട്ടപ്പയ്യും 'കുമുദം' വാരികയുടെ പ്രതിനിധിയുമായുള്ള ഒരു കൂടിക്കാഴ്ചയിൽ ഇങ്ങനെ പ്രസ്താവിച്ചു:

'കർണാടക സംഗീതക്കച്ചേരികളിൽ പാടിവരുന്ന സ്വാതിതിരുനാൾ കീർത്തനങ്ങൾ ഒന്നുംതന്നെ സ്വാതിതിരുനാൾ മഹാരാജാവു നിർമിച്ചതല്ല. 'തഞ്ചാവൂർ നാൽവർ' എന്നു വിളിക്കപ്പെടുന്ന ചിന്നയ്യാ, പൊന്നയ്യാ, ശിവാനന്ദം, വടിവേലു എന്നിവരാണു് ഈ ഗാനങ്ങൾ രചിച്ചതു്. തഞ്ചാവൂരിൽ ശരഭോജി മഹാരാജാവിന്റെ സഭയിൽ സംഗീതത്തിനും നാട്യകലയ്ക്കും വലിയ സേവനം അനുഷ്ഠിച്ചവരാണു് തഞ്ചാവൂർ നാൽവർ. അവരെ ആദ്യം ആദരിച്ചതു് ശരഭോജി മഹാരാജാവായിരുന്നു. തഞ്ചാവൂർ ബൃഹദീശ്വരക്ഷേത്രത്തിലെ ഏററവും വലിയ മാന്യതയായ 'പരിവട്ടം' (ക്ഷേത്രത്തിൽനിന്നു നൽകുന്ന ഒരുതരം തലപ്പാവു്) ഇവർക്കു നൽകപ്പെട്ടിരുന്നു. ഈ ക്ഷേത്രം സംബന്ധിച്ച ഏതോ കാര്യത്തിൽ തഞ്ചാവൂർ മഹാരാജാവിനും ഈ നാൽവർക്കും—പ്രത്യേകിച്ചു വടിവേലുവിനു്—പരസ്പരം അഭിപ്രായവ്യത്യാസമുണ്ടായി. നാലുപേരും നാടുവിട്ടു പോകണമെന്നു മഹാരാജാവു കല്പിച്ചു. (തിരുവിതാംകൂർ) ദിവാൻ സുബ്ബറാവുവിനു് (സുബ്ബരായർക്കു്) ഇവരോടു വലിയ ബഹുമാനം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ക്ഷണപ്രകാരം ഇവർ തിരുവിതാംകൂർ രാജസദസ്സിലേക്കു ചെന്നു. സ്വാതിതിരുനാൾ മഹാരാജാവു് ഇവരെ ആദരിക്കാൻ തുടങ്ങി. തഞ്ചാവൂരിലായിരുന്നപ്പോൾ തെലുങ്കിൽ ഇവർ നിർമിച്ച കൃതികൾ ശരഭോജിയുടെ സദസ്സിൽ പ്രചരിച്ചിരുന്നു. ബൃഹദീശ്വരൻ, ശരഭോജി, തഞ്ചാവൂരിലെ മററു രാജാക്കന്മാർ എന്നിവരുടെ പേർചേർത്തു് ഇവർ നിർമിച്ച തെലുങ്കുപദവർണങ്ങളും സ്വരജതി, രാഗമാലിക എന്നിവയും അതേ വർണമട്ടുകളിൽ, എന്നാൽ സംസ്കൃതത്തിൽ വിവർത്തനം ചെയ്തു്, 'പത്മനാഭ'നെന്ന പേരും ചേർത്തു് തിരുവിതാംകൂറിൽ അരങ്ങേററപ്പെട്ടു. ഈ പാട്ടുകൾ തിരുവിതാം

ക്കുറിൽ പ്രസിദ്ധി നേടി. ഇതിനിടയിൽ ശരഭോജിക്കു മാനസാന്തരം വന്നു. അദ്ദേഹം വിളിച്ചപ്പോൾ വടിവേലു ഒഴികെ മററു മൂന്നുപേരും തഞ്ചാവൂർക്കു മടങ്ങിപ്പോയി. വടിവേലു മാത്രം പിന്നെയും സ്വാതിതിരുനാളിന്റെ സദസ്സിൽ സന്നിഹിതനായി സാഹിത്യം നിർമിച്ചുവന്നു. രാജാവിന്റെ സഭയിൽ അരങ്ങേറിയ വടിവേലുവിന്റെ പാട്ടുകൾ സ്വാതിതിരുനാളിന്റെ കൃതികളെന്ന നിലയിൽ പ്രചരിച്ചു. അരിയക്കുടി രാമാനുജയ്യങ്കാരെപ്പോലെയുള്ള മഹാവിദ്വാന്മാർക്ക് ഈ വസ്തുത അറിയാം.' വടിവേലുവിന് സ്വാതിതിരുനാൾ കൊടുത്ത ദന്തപ്പെട്ടിയും, ഓലയിലെഴുതിയ പല ഗീതകൃതികളും കിട്ടപ്പാ-ശിവാനന്ദം സഹോദരരുടെ കൈയിലുണ്ടത്രേ.

'തഞ്ചാവൂർ നാൽവരെപ്പററി ശിവാനന്ദം പ്രസ്താവിച്ച കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല,' എന്നാണ് ഭരതനാട്യവിദഗ്ദ്ധയായ ബാലസരസ്വതി പറയുന്നത്. ഈശ്വരന്റെ അനുഗ്രഹത്തോടെ ധാരാളം സാഹിത്യം എഴുതിയവരാണ് തഞ്ചാവൂർ നാൽവർ. അവർക്ക് എന്തും ചെയ്യാൻ കഴിയുമായിരുന്നു. അപ്പർ, സുന്ദരർ മുതലായ നാലു നായനാർമാർ പോലെ മഹാന്മാരായിരുന്നു തഞ്ചാവൂർ നാൽവരും. എന്നാൽ, അവർ രചിച്ച കൃതികൾക്കല്ലാതെ അവർക്കു വലിയ പ്രശസ്തി ലഭിച്ചില്ല. എത്രയോ മികച്ച ജാവളികൾ ഞാൻ പാടി രസിച്ചിട്ടുണ്ട്. ആരാണ് അവ രചിച്ചതെന്ന് എനിക്ക് അറിവുണ്ടായിരുന്നില്ല. തഞ്ചാവൂർ നാൽവരുടെ 'വീട്ടുപാട്ടുകൾ' ആയിരുന്നു അവയെന്ന് ഈയിടെ മനസ്സിലായപ്പോൾ ഞാൻ രോമാഞ്ചംകൊണ്ടു. വെറും പണത്തിന് എഴുതുന്നവരായിരുന്നു അവരെങ്കിൽ ഇതുപോലെ ഓലയിൽ എഴുതിക്കൂട്ടുമോ? നടനത്തിൽ ഉപയോഗിക്കുവാൻ സംഗീതം ചിട്ടപ്പെടുത്തിയതിന്റെ മേന്മ ഈ നാൽവർക്കും ചേർന്നതാണ്. അവർക്കു സമുചിതമായ സ്മാരകം നിർമിക്കണമെന്നും ഓലയിലുള്ള അവരുടെ ഗ്രന്ഥങ്ങൾ പകർത്തി സൂക്ഷിക്കണമെന്നും ബാലസരസ്വതി അഭിപ്രായപ്പെട്ടു. 'നാൽവരുടെ കൃതികൾ തെലുങ്കിലും സ്വാതിതിരുനാൾ കൃതികൾ സംസ്കൃതത്തിലുമാണെങ്കിലും അവയിൽ ഒരേ വർണമട്ടാണു കാണുന്നത്. അവയിലെ ചിന്തകളും ആശയങ്ങളും ഒന്നുതന്നെ. ഒരേ വിചാരം രണ്ടുപേർക്കു വരുന്നതെങ്ങനെ? തഞ്ചാവൂർ നാൽവർക്കു തോന്നിയപോലെ ചിലതു സ്വാതിതിരുനാളിനും തോന്നിയിരിക്കാം. പക്ഷേ, എല്ലാം ഒരേ മാതിരിയാകാൻ സാദ്ധ്യതയുണ്ടോ?' എന്ന് ബാലസരസ്വതി തുടർന്നു ചോദിക്കുന്നു.

'സ്വാതിതിരുനാൾ കീർത്തനങ്ങൾ ഒന്നും സ്വാതിതിരുനാൾ മഹാരാജാവു നിർമിച്ചതല്ല' എന്ന കിട്ടപ്പയും ശിവാനന്ദവും പറഞ്ഞതിനോട് വീണവിദഗ്ദ്ധൻ എസ്. ബാലചന്ദർ പൂർണമായും യോജിക്കുന്നില്ല. 'സ്വാതിതിരുനാൾ കീർത്തനങ്ങൾ മിക്കവയും ആ മഹാരാജാവു നിർമിച്ചവയല്ല' എന്നാണു പറയേണ്ടതെന്ന് ശ്രീ ബാലചന്ദർ കരുതുന്നു. തഞ്ചാവൂർ നാൽവർ നിർമിച്ച പല കീർത്തനങ്ങളും മററുതരം പാട്ടുകളും, പത്മനാഭനാമം ഘടിപ്പിച്ച്, സ്വാതിതിരുനാൾ കൃതികളെന്ന നിലയിൽ പ്രചരിച്ചുവരുന്നുണ്ട്. ഒരു പാട്ടിൽ 'പത്മനാഭ' പദം കണ്ടാൽ അതു് സ്വാതിതിരുനാൾ കൃതിയെന്നു തീരുമാനിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. പക്ഷേ, ഈ പാട്ടുകളിൽ പലതും നിർമിച്ചതു് തഞ്ചാവൂർ നാൽവരാണെന്നതിൽ ബാലചന്ദറിനു സംശയമില്ല. ഈ വാസ്തവം പല സംഗീതജ്ഞരും മുമ്പേ അറിഞ്ഞിരുന്നുവത്രെ. കിട്ടപ്പാ-ശിവാനന്ദം സഹോദരരുടെ മുത്തച്ഛനായിരുന്ന മഹാവിദ്വാൻ പൊന്നയ്യാപിള്ളയ്ക്കു ഈ സംഗതി തുറന്നു പറയാമായിരുന്നു. പക്ഷേ, അദ്ദേഹം മൗനം ഭജിക്കുകയാണത്രെ ഉണ്ടായത്.

മദ്രാസിലെ മ്യൂസിക് അക്കാദമിയിൽ ത്യാഗരാജൻ, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമാശാസ്ത്രികൾ, പുരന്ദര ദാസൻ എന്നിവരുടെ ചിത്രങ്ങ

ളോടൊപ്പം സ്ഥാപിച്ചിട്ടുള്ള സ്വാതിതിരുനാളിന്റെ ചിത്രത്തെക്കുറിച്ചും ബാലചന്ദറിനു ചിലതു പറയാനുണ്ട്. സംഗീത ത്രിമൂർത്തികളോടൊപ്പം ഒരു സ്ഥാനം സ്വാതിതിരുനാളിനു കൊടുത്തതു് ന്യായമായെന്നു പ്രാണൻ പോകുംവരെ ബാലചന്ദർ സമ്മതിക്കുകയില്ല. കാരണം, ത്രിമൂർത്തികൾ ശരിയായ വാഗ്ഗേയകാരർ ആയിരുന്നു. അവർ സാഹിത്യം എഴുതുക മാത്രമല്ല, അതിൽ രാഗവും വർണമട്ടും ചേർത്തു പാട്ടുകൂടി ചെയ്തു. അവർക്കു തുല്യനായ ഒരു വാഗ്ഗേയകാരനാണു് സ്വാതിതിരുനാൾ എന്നു് 'എത്ര പണം തന്നാലും, എത്ര ഡോക്ടറേറ്റ് സമ്മാനിച്ചാലും ഞാൻ പറയുകയില്ല' എന്നു് ബാലചന്ദർ പ്രഖ്യാപിക്കുന്നു. സ്വാതിതിരുനാളിനു് 'ശീഘ്ര പ്രൊമോഷൻ' കൈവന്നതു് പണം, പ്രശസ്തി, രാജകല്പന, ചില വിദ്വാന്മാർ സൃഷ്ടിച്ച പരിസ്ഥിതി, രാജതന്ത്രം, ചിലരുടെ സ്വാർത്ഥം ഇവയെല്ലാം ചേർന്നപ്പോഴാണെന്നു് ബാലചന്ദർ വിശ്വസിക്കുന്നു.

മ്യൂസിക് അക്കാദമിയിലുള്ള സ്വാതിതിരുനാളിന്റെ ചിത്രം വരച്ചതു് ബാലചന്ദറിന്റെ ജ്യേഷ്ഠൻ എസ്. രാജം ആണു്. 1940-ൽ അക്കാദമിക്കാർ സ്വാതിതിരുനാളിന്റെ ഒരു ഫോട്ടോ കൊടുത്തു്, അതുപോലെ ഒരു ചിത്രം വരയ്ക്കാൻ ശ്രീ രാജത്തോടു പറഞ്ഞു. ഫോട്ടോവിൽ സ്വാതിതിരുനാളിന്റെ വലംകൈയിൽ ഒരു വാൾ ഉണ്ടായിരുന്നു; ഇടം കൈയിൽ ഒന്നും ഉണ്ടായിരുന്നില്ല. ആ വിധത്തിൽ ചിത്രം വരച്ചു തീർന്നപ്പോൾ, ഇടതുകൈയിൽ ഒരു തന്ത്രീവാദ്യംകൂടി വരച്ചു ചേർക്കണമെന്നു് അക്കാദമിക്കാർ ആവശ്യപ്പെട്ടു. സ്വരപത്തു് (സ്വരജിത്തു് ആയിരിക്കാം) എന്ന തന്ത്രീവാദ്യത്തിന്റെ ഒരു ചിത്രവും അവർ കൊടുത്തു. അങ്ങനെയാണു് മ്യൂസിക് അക്കാദമിയിലെ സ്വാതിതിരുനാൾച്ചിത്രത്തിൽ ഒരു തന്ത്രീവാദ്യം വന്നുപെട്ടതു്. ത്യാഗരാജരുടെയും ശ്യാമാശാസ്ത്രിയുടേയും കൈയിൽ തംബുരുവും ദീക്ഷിതരുടെ കൈയിൽ വീണയുമിരിക്കേ, സ്വാതിതിരുനാളും ഒരു തന്ത്രീവാദ്യം കൈയിൽ വെക്കട്ടെ എന്നു് അക്കാദമിക്കാർ കരുതിയതാവാം. ഏതായാലും, സംഗീതത്രിമൂർത്തികളോടു് . സ്വാതിതിരുനാളെ മാത്രം ചേർത്താൽ ആക്ഷേപം ഉണ്ടായേക്കാമെന്നു കരുതി, സംഗീതപിതാമഹനായ പുരന്ദരദാസനു് അഞ്ചാം സ്ഥാനവും മ്യൂസിക് അക്കാദമി നൽകി. 1940-ൽ മ്യൂസിക് അക്കാദമിയിൽ സ്വാതിതിരുനാളിന്റെ ചിത്രം ഉദ്ഘാടനം ചെയ്തപ്പോൾ അധ്യക്ഷത വഹിച്ചതു് ചിത്തിരതിരുനാൾ മഹാരാജാവായിരുന്നു.

ചിത്രത്തിൽ വാദ്യം ചേർത്തു പിടിപ്പിച്ചതുപോലെ, സ്വാതിതിരുനാളിന്റെ ജീവിതത്തിലും അദ്ദേഹം ചെയ്യാത്തതെല്ലാം ചേർത്തു പിടിപ്പിച്ചിരിക്കയാൽ, ഏതു സാഹിത്യം സ്വാതിതിരുനാൾ രചിച്ചതെന്നോ, ഏതു മറ്റുള്ളവർ രചിച്ചതെന്നോ, സ്വാതിതിരുനാൾ കൃതികൾക്കു് ആർ ഏതു കാലത്തിൽ രാഗവും വർണമട്ടും നൽകിയെന്നോ പറയുക അസാദ്ധ്യമായിരിക്കുന്നു എന്നു് ബാലചന്ദർ തുടരുന്നു. ഒരു 'കുട്ടിക്കമ്പോസർ' മാത്രം ആയ സ്വാതിയെ അന്യായമായി ഒരു മഹാസംഗീത ഫാക്ടറിയാക്കി മാററി വിട്ടതാണെന്നു് അദ്ദേഹം ഭയപ്പെടുന്നു. ത്യാഗരാജർ, ദീക്ഷിതർ, ശ്യാമാശാസ്ത്രികൾ മുതലായ വാഗ്ഗേയകാരരുടെ കൃതികൾ ഒരുപരസ്യവും കൂടാതെ സ്വയം പ്രചരിച്ചവയാണു്. പണവും പ്രതാപവും ഉപയോഗപ്പെടുത്തിയും ചില ഗ്രൂപ്പുകളുടെ സംഘടിത പ്രയത്നത്തിലൂടെയും, കഴിഞ്ഞ 40–50 വർഷങ്ങളായി പ്രചരിപ്പിക്കപ്പെട്ടവയാണു് സ്വാതി തിരുനാൾ കൃതികളെന്നു് ബാലചന്ദർ ആവർത്തിക്കുന്നു. 'ഇതിനൊന്നും സ്വാതിതിരുനാൾ ഉത്തരവാദിയല്ല.' എന്നും, സൗമനസ്യപൂർവം, അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്.

മദ്രാസ് മ്യൂസിക് അക്കാദമി സെക്രട്ടറി ശ്രീ ടി. എസ്. പാർത്ഥസാരഥി ഈ വാദഗതികളെ നാലുകാരണങ്ങളാൽ എതിർക്കുന്നു: പത്മനാഭ മുദ്ര

യുള്ള സ്വാതിതിരുനാൾകീർത്തനങ്ങൾ തഞ്ചാവൂർ നാൽവർ രചിച്ചവയാണെന്നു സംഗീതത്തിൽ ഗവേഷണം നടത്തിയിട്ടുള്ള ആരും അംഗീകരിക്കുകയില്ല എന്ന് അദ്ദേഹം പറയുന്നു. ഒന്നാമത്, പണ്ഡിതോചിതമായ സംസ്കൃതത്തിലാണു പല സ്വാതിതിരുനാൾ കൃതികളും എഴുതപ്പെട്ടിട്ടുള്ളത്. തഞ്ചാവൂർനാൽവർക്ക് ആ ഭാഷയിൽ അത്ര പാണ്ഡിത്യമുണ്ടായിരുന്നതിനു തെളിവില്ല. രണ്ടാമത്, തന്നേക്കാൾ നൂറുവർഷം മുമ്പു ശ്രീരംഗത്തു ജീവിച്ചിരുന്ന മാർഗദർശി ശേഷയ്യങ്കാരുടെ കീർത്തനശൈലി അനുകരിച്ചാണ് സ്വാതിതിരുനാൾ തന്റെ മിക്ക കീർത്തനങ്ങളും രചിച്ചിട്ടുള്ളത്. മൂന്നാമത്, സംസ്കൃതത്തിന് പുറമേ മലയാളം, മണിപ്രവാളം, കന്നഡം, ഹിന്ദി മുതലായ ഭാഷകളിലും സ്വാതിതിരുനാൾ ഗാനങ്ങൾ രചിച്ചിട്ടുണ്ട്. ഇവ രചിച്ചതു തഞ്ചാവൂർ നാൽവരാണെന്നു പറയുന്നതെങ്ങനെ? നാലാമത് സ്വരജതി, പദവർണം, പദം, ജാവളി, തില്ലാന മുതലായവ തഞ്ചാവൂർ നാൽവർ രചിച്ചിരുന്നു. അവരിൽ ഒരാളായ വടിവേലു സ്വാതിതിരുനാൾ സാഹിത്യത്തിനു വർണമട്ടുകൾ നല്കിവന്നു. ഈ വസ്തുത, ഇപ്പോൾ സ്വാതിതിരുനാളിന്റെ ഗാനകർത്തൃത്വം നിഷേധിക്കുന്ന ശിവാനന്ദംതന്നെ 1963 മേയ് 18-ാം തീയതി 'സ്വദേശമിത്ര'നിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരുന്ന വസ്തുത ശ്രീ പാർത്ഥസാരഥി എടുത്തുകാട്ടുന്നു.

സ്വാതിതിരുനാൾ വലിയ സംസ്കൃതപണ്ഡിതനായിരുന്നുവെന്ന് ശ്രീ സുബ്ബുദ്ധു സമ്മതിക്കുന്നു. സ്വാതിതിരുനാൾ കൃതികളിലെ സാഹിത്യം അദ്ദേഹത്തിന്റേതുതന്നെയാണ്. പക്ഷേ, അവയ്ക്കു സംഗീതം നൽകിയതു് തഞ്ചാവൂർ നാൽവരത്രേ. ഈ സംഗീതത്തിൽ തഞ്ചാവൂർ നാൽവരുടെ മുദ്ര സ്പഷ്ടമായി പതിഞ്ഞിരിക്കുന്നു. തോടിവർണവും ഗാംബോധിവർണവും തികച്ചും പകർപ്പാണ്. പ്രഫസർ സാംബമൂർത്തിയുടെ ഒരു കൃതിയിൽ ഗാംബോധി താനവർണം (അടതാളം) വടിവേലു നട്ടുവൻ രചിച്ചതാണെന്ന് ആദ്യം ചേർത്തിരുന്നു. മറ്റൊരു പതിപ്പിൽ ഇത് സ്വാതിതിരുനാൾ രചിച്ചതെന്നു തിരുത്തി. 'മറ്റു മഹാരാജാക്കന്മാരെപ്പോലെ വേട്ടയിലും അന്തഃപുരത്തിലും കാലം കളയാതെ, കഥകളിസംഗീതത്തിൽ ലയിച്ചിരുന്ന കേരളീയർക്ക് ശാസ്ത്രീയ സംഗീതബോധം നൽകിയതു് സ്വാതിതിരുനാളാണ്'' എന്നും ശ്രീ സുബ്ബുദ്ധു പറയുന്നുണ്ട്.

സ്വാതിതിരുനാൾകൃതികൾ എന്ന പേരിൽ പ്രചരിക്കുന്ന ഗാനങ്ങൾ ആ മഹാരാജാവ് രചിച്ചവയല്ല എന്നതിന് വിശ്വാസ്യമായ ഒരൊറ്റ തെളിവും 'കുമുദ'ത്തിലെ ലേഖകന്മാർ സമർപ്പിച്ചിട്ടില്ല. 'അല്ല, അല്ല, ആവാൻ തരമില്ല' എന്നൊക്കെ ആവർത്തിച്ചു പറയുക മാത്രമേ അവർ ചെയ്തിട്ടുള്ളൂ.

സംഘടിതമായ ഒരു പ്രചാരവേലയെന്ന നിലയിലാണ് ഈ യശോഹത്യാശ്രമം മുന്നോട്ടു പോകുന്നതെന്ന് വളരെ പ്രചാരമുള്ള 'കുമുദം' വാരികയിൽ അതു് അവതരിപ്പിക്കുന്ന രീതിയിൽനിന്നു മനസ്സിലാക്കാം. ഇപ്പോൾ താരതമ്യേന അവഗണിക്കപ്പെട്ട തഞ്ചാവൂർ നാൽവരെ സംഗീതത്രിമൂർത്തികൾക്കു സമകക്ഷരായി പ്രതിഷ്ഠിക്കുകയും, ത്യാഗരാജനു തിരുവൈയാറിലുള്ളതുപോലെ 'നാൽവർക്കു'' തഞ്ചാവൂരിലോ മറ്റോ ഒരു സ്മാരകം നിർമിക്കുകയുമാണ് ഈ പ്രചാരവേലക്കാരുടെ മുഖ്യലക്ഷ്യമെന്ന് കാണാൻ പ്രയാസമില്ല. മദ്രാസ് മ്യൂസിക് അക്കാദമിയിലെ ബ്രാഹ്മണാധിപത്യത്തെ ചെറുക്കുകയും, കൂട്ടത്തിൽ, അവരുടെ ലക്ഷ്യമായിരിക്കാം. ഈ ലക്ഷ്യങ്ങൾ നേടുന്നതിന് സ്വാതിതിരുനാളിനെ സൗകര്യപൂർവം അവർ ഒരു ഉപകരണമാക്കുകയാണ്. മലയാളിയും രാജാവുമാകയാൽ

സ്വാതിതിരുനാളിന്റെ സംഗീതപ്രതിഭ നിഷേധിക്കാൻ എളുപ്പമുണ്ട്. ത്രിമൂർത്തികൾക്കടുത്ത് ,കളിക്കാനാവാത്ത കളി അദ്ദേഹത്തോടാവാം. 'നാൽവരു'ടെ കുടുംബക്കാരായ ശിവാനന്ദം—കിട്ടപ്പാ സഹോദരന്മാർ ഈ ആക്രമണത്തിനു നേതൃത്വം വഹിക്കുന്നതിന്റെ അർത്ഥവും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതേയുള്ളൂ.

ഈ അസത്യപ്രചാരണത്തെ സംഗീത ഗവേഷകർ സത്യംകൊണ്ടു നേരിടുകതന്നെ വേണം. ശ്രീ പാർത്ഥസാരഥി പേരെടുത്തു പറയുന്ന മാർഗദർശി ശേഷയ്യങ്കാർ പതിനാറാം ശതകത്തിൽ ശ്രീരംഗത്തു ജീവിച്ചിരുന്ന ഒരു വാഗ്ഗേയകാരനാണ്. 'ശേഷയ്യങ്കാരുടെ കീർത്തനങ്ങൾ സംസ്കൃതത്തിൽ ആകയാൽ,ആ യതിൽ ഉള്ളതു ഇവിടെ ഗ്രാഹ്യമായിട്ടുള്ളൂ' എന്ന് 'മുഹനയുടേയും പ്രാസത്തിന്റേയും അന്ത്യപ്രാസത്തിന്റേയും വ്യവസ്ഥ' എന്ന ഗ്രന്ഥത്തിൽ സ്വാതിതിരുനാൾ പറഞ്ഞിട്ടുണ്ട്. ഇതിൽനിന്ന്, സ്വാതിതിരുനാളിന് പ്രാചീനനായ ശേഷയ്യങ്കാരോടുള്ള ആധമർണ്യം വ്യക്തമാവുന്നു. കവിയും ബഹുഭാഷാ പണ്ഡിതനും പ്രതിഭാശാലിയുമായ സ്വാതിതിരുനാളിന് ഗാനസാഹിത്യരചന നിഷ്പ്രയാസമായിരുന്നു. തന്റെ സദസ്സിലെ ഗായകരുടെ ഗാനാലാപം, സ്വാഭാവികമായും അദ്ദേഹം ശ്രദ്ധിച്ചു കേട്ടിരിക്കാം. ആ സദസ്സിൽ തഞ്ചാവൂർ നാൽവർ മാത്രമായിരുന്നില്ല അംഗങ്ങളെന്നു മുമ്പു പറഞ്ഞുവല്ലോ. കേട്ട ഗാനാലാപങ്ങളിൽനിന്നെല്ലാം ആകർഷകങ്ങളായിത്തോന്നിയവ, രാഗങ്ങളും വർണമട്ടുകളും അലങ്കാരങ്ങളും പ്രയോഗവിശേഷങ്ങളും എല്ലാം, സ്വാതിതിരുനാൾ തന്റെ കൃതികളിൽ ഉപയോഗപ്പെടുത്തിയുമിരിക്കാം. എല്ലാ രാജ്യങ്ങളിലും എല്ലാ കാലങ്ങളിലും സർഗപ്രതിഭയുള്ള കലാകാരന്മാർ ചെയ്യുന്നതു് ഇതാണ്. സംഗീത ത്രിമൂർത്തികളും ഇതുതന്നെയാവണം ചെയ്തിരിക്കുക. അതിനു മുമ്പില്ലാതിരുന്ന ഒരു പുതുമ സൃഷ്ടിക്കുവാൻ അവസരം ലഭിക്കുന്നവർ കലാലോകത്തിൽ താരതമ്യേന കുറവാണ്. നിലവിലുള്ള ഒന്നിന്റെ നിലീനങ്ങളായ സൗന്ദര്യസാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള കഴിവാണ് മൗലികപ്രതിഭ.

ഒരു നുണ നൂറുതവണ ആവർത്തിച്ചാൽ, അതിൽ സത്യമില്ലേ എന്ന് ശുദ്ധഗതിക്കാർ സംശയിച്ചുതുടങ്ങും. പാമരന്മാരുടെ കഥ പറയുകയും വേണ്ട. 'സത്യംകൊണ്ട് അസത്യവാദിയെ നേരിടുക' എന്ന ബുദ്ധോപദേശം ഈ വിഷയത്തിലും നമുക്ക് മാർഗദർശകമായിരിക്കേണ്ടതാണ്.

4 നവംബർ, 1982

## 52. ഇന്നത്തെ ലോകത്തിൽ ഇന്നലത്തെ മതങ്ങൾ

പടിഞ്ഞാറെ ജർമനിയിലെ ഫ്രാങ്ക്ഫർട്ട് നഗരത്തിൽ ആണ്ടുതോറും നടക്കുന്ന പുസ്തകമേള ലോകത്തിലെങ്ങുമുള്ള ബുദ്ധിജീവികൾക്കിടയിൽ ചർച്ചാവിഷയമാകാറുണ്ട്. പുസ്തകങ്ങളുടെ പൊതുവായ പ്രദർശനത്തോടൊപ്പം, ഏതെങ്കിലുമൊരു പ്രത്യേക വിഷയത്തിലേക്കു പുസ്തകവായനക്കാരുടെ ശ്രദ്ധ ആകർഷിക്കുന്നതിനുവേണ്ടി, ഓരോ പ്രദർശനത്തിനും ഓരോ 'വിഷയം' (ടോപ്പിക്) പ്രഖ്യാപിക്കുക പ്രദർശന ഭാരവാഹികളുടെ പതിവാണ്. ഇക്കഴിഞ്ഞ സെപ്റ്റംബറിൽ നടന്ന ഫ്രാങ്ക്ഫർട്ട് പുസ്ത